ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 06.07.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. വിദേശ സന്ദർശനത്തിന്റെ നാലാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രസീലിലെത്തി. ഇന്ന് പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും.

   **Prime Minister Narendra Modi arrives in Brazil on the fourth leg of his foreign visit. PM will attend the 17th BRICS summit today.**

2. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കേരളത്തിൽ എത്തും.

   **Vice President Jagdeep Dhankhar to arrive in Kerala today for a two-day visit.**

3. കേരളത്തിൽ നിപ സമ്പർക്കപ്പട്ടികയിൽ മൂന്ന് വടക്കൻ ജില്ലകളിലായി 425 പേർ ഉള്ളതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.

   **Nipah contact list in 3 northern districts of Kerala reaches 425, says Health Minister Veena George. Health department intensifies vigilance.**

4. അമേരിക്കയിൽ, ടെക്സസിൽ മിന്നൽപ്രളയത്തിൽ 43 പേർ മരിച്ചു ; 27 കുട്ടികളെ കാണാതായി; അനുശോചിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**In the United States, 43 people died in flash floods in Texas; 27 children are missing; Prime Minister Narendra Modi expresses condolences.**

5. ബർമിങ്ങാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് 608 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യമുയർത്തി ഇന്ത്യ.

**In Birmingham Cricket Test, India set a huge target of 608 runs for England.**

&&&&&&&&&&&&&&

## HEADLINE 1

## PM-BRAZIL ARRIVAL

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ നാലാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രസീലിലെ റിയോ ഡി ജെനിറോയിൽ എത്തി. സന്ദർശന വേളയിൽ ഇന്നും നാളെയുമായി നടക്കുന്ന, പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടിയിൽ, ആഗോള ഭരണ പരിഷ്കരണം, സമാധാനവും സുരക്ഷയും, നിർമിതബുദ്ധിയുടെ ഉത്തരവാദിത്തപരമായ ഉപയോഗം, ആഗോള ആരോഗ്യം, സാമ്പത്തിക കാര്യങ്ങൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ചയാകും. ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി ബ്രസീലിയൻ തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കും. ബ്രസീൽ പ്രസിഡന്റ് ലൂയി ഇനാസിയോ ലുല ഡ സിൽവയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. വ്യാപാരം, പ്രതിരോധം, ഊർജ്ജം, ബഹിരാകാശം, സാങ്കേതികവിദ്യ, കൃഷി, ആരോഗ്യം എന്നീ വിഷയങ്ങളിൽ ഇരു നേതാക്കളും ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&

## REV. PM ARGENTINA -Intro

ബഹുരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ അർജന്റീന സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസിഡന്റ് ഹാവിയർ മിലേയുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, വാണിജ്യം, സാങ്കേതികവിദ്യ, പ്രതിരോധം, ബഹിരാകാശം, ആരോഗ്യം, ഔഷധങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന മേഖലകളിൽ സഹകരണം

വർദ്ധിപ്പിക്കാനും രാജ്യങ്ങൾ തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും ഇരു നേതാക്കളും സമ്മതിച്ചു.

ഒരു റിപ്പോർട്ട്...................

(ഹോൾഡ്-വോയ്സ്)

## REV. PM ARGENTINA -VOICE

ഇരു രാജ്യങ്ങൾക്കുമുള്ള സാധ്യതകൾ കണക്കിലെടുത്ത്, ഇന്ത്യ-മെർകോസർ മുൻഗണനാ വ്യാപാര കരാർ വികസിപ്പിക്കുന്നതിൽ അർജന്റീനയുടെ പിന്തുണ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ മരുന്നുകളിൽ ഇന്ത്യൻ ഫാർമ കമ്പനികൾക്കുള്ള പ്രവേശന നിയന്ത്രണങ്ങൾ ലഘൂകരിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടു. യുഎസ് എഫ്ഡിഎ അല്ലെങ്കിൽ യൂറോപ്യൻ ഇഎംഎ അംഗീകാരമുള്ള മരുന്നുകൾക്ക് ഇറക്കുമതി അനുവദിക്കുമെന്ന് അർജന്റീന സ്ഥിരീകരിച്ചു. ഊർജ്ജത്തിലും നിർണായക ധാതുക്കളിലും സഹകരണം ഒരു പ്രധാന ശ്രദ്ധാകേന്ദ്രമായിരുന്നു. ബഹിരാകാശ മേഖലയിലെ സഹകരണം, ഡ്രോണുകളുടെ സാധ്യതകൾ, സ്പോർട്സ് മാനേജ്മെന്റ് എന്നിവയും ചർച്ച ചെയ്യപ്പെട്ടു. ഇന്ത്യയുടെ യുപിഐയിൽ പ്രസിഡന്റ് മിലി അതീവ താല്പര്യം കാണിച്ചു, പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് അർജന്റീന നൽകിയ പിന്തുണയ്ക്ക് പ്രധാനമന്ത്രി നന്ദി പറഞ്ഞതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി അറിയിച്ചു.

(ഹോൾഡ്-വോയ്സ്)

ബ്യൂണസ് അയേഴ്സിൽ നിന്ന് പുറപ്പെടുന്നതിന് മുമ്പ് പ്രധാനമന്ത്രി മഹാത്മാഗാന്ധിയുടെയും ഗുരുദേവ് രവീന്ദ്രനാഥ ടാഗോറിന്റെയും പ്രതിമകളിൽ പുഷ്പാർച്ചന നടത്തി.
ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&

## HEADLINE 2

## VICE PRESIDENT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കേരളത്തിൽ എത്തും. ഉച്ചകഴിഞ്ഞ് കൊച്ചിയിലെത്തുന്ന അദ്ദേഹം, നാളെ രാവിലെ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് നാളെ രാവിലെ എട്ടുമുതൽ പത്തുവരെ ഗുരുവായൂർ ക്ഷേത്രത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഡ്രോൺ ഉപയോഗങ്ങൾക്കും നിയന്ത്രണമുണ്ട്.

&&&&&&&&&&&&&&

## GOVERNOR- KANNUR

സാമൂഹിക ഉന്നമനത്തിനും വികസനത്തിനും ജനക്ഷേമത്തിനും എല്ലാവരും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ. കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ വെങ്കലത്തിൽ നിർമ്മിച്ച ശിവ ശില്പം അനാവരണം ചെയ്യുകയായിരുന്നു അദ്ദേഹം. ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗോശാലകളും ആസ്പത്രികളും സ്ഥാപിക്കാൻ ദേവസ്വം അധികൃതർ മുന്നോട്ടുവരണമെന്നും ഗവർണർ പറഞ്ഞു.

&&&&&&&&&&&&&&

## UNIVERSITY SYNDICATE MEETING

കേരള സർവ്വകലാശാലയിൽ ഇന്ന് അടിയന്തര സിൻഡിക്കേറ്റ് യോഗം ചേരും. രാവിലെ 11 മണിക്ക് തിരുവനന്തപുരം പാളയം സർവ്വകലാശാലാ ആസ്ഥാനത്താണ് യോഗം. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത നടപടി ഉൾപ്പെടെയുള്ളവ യോഗത്തിൽ ചർച്ചാ വിഷയമാകുമെന്നാണ് റിപ്പോർട്ട്.

&&&&&&&&&&&&&&

## HEADLINE 3

## NIPAH- KERALA

കേരളത്തിൽ നിപ സമ്പർക്കപ്പട്ടികയിൽ ആകെ 425 പേർ ഉള്ളതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. മലപ്പുറത്ത് 228 പേരും പാലക്കാട് 110 പേരും കോഴിക്കോട് 87 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 12 പേരാണ് ചികിത്സയിലുള്ളത്. 5 പേർ ഐസിയു ചികിത്സയിലുണ്ട്. നിപ ഉറവിടം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കാനും മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ നിർദേശം നൽകി. അതേസമയം പെരിന്തൽമണ്ണയിൽ നിപ ബാധിച്ച ചികിത്സയിലായിരുന്ന പാലക്കാട് സ്വദേശി യുവതിയെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

&&&&&&&&&&&&&&

## VEENA GEORGE VISIT

കോട്ടയം മെഡിക്കൽ കോളേജിലുണ്ടായ കെട്ടിട അപകടത്തിൽ മരിച്ച ബിന്ദുവിന്റെ വീട് ആരോഗ്യമന്ത്രി വീണാ ജോർജ് ഇപ്പോൾ സന്ദർശിക്കുന്നു. കുടുംബാംഗങ്ങളെ മന്ത്രി ആശ്വസിപ്പിച്ചു .

&&&&&&&&&&&&&&

## MUHARAM

ഇസ്ലാം മത വിശ്വാസികൾ ഇന്ന് മുഹറം മാസത്തിലെ വിശുദ്ധ ദിനം ആഘോഷിക്കുന്നു. മൂസ പ്രവാചകൻ ഫറോവയിൽ നിന്ന് ജനങ്ങളെ രക്ഷപ്പെടുത്തിയ സ്മരണയിൽ സുന്നി വിഭാഗവും കർബല യുദ്ധത്തിൽ ഹുസൈൻ ബിൻ അലി രക്തസാക്ഷിത്വം വരിച്ചതിന്റെ സ്മരണയിൽ ഷിയാ വിഭാഗവും ഈ ദിനം ആഘോഷിക്കുന്നു.. മുസ്ലിംകൾ പ്രത്യേക പ്രാർത്ഥനകളും ഉപവാസവും ആചരിക്കുന്നു.

&&&&&&&&&&&&&&

## KERALA RAIN

തെക്കൻ ഗുജറാത്ത് തീരം മുതൽ കർണാടക തീരം വരെ ന്യൂനമർദ്ദ പാത്തി സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ വരും

ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&

## MANN KI BAAT- TALENT HUNT

മൻ കി ബാത്തിന്റെ അഞ്ചാം സീസൺ ടാലന്റ് ഹണ്ട് താലൂക്ക് തല പരിപാടി ഇന്ന് നടക്കും. വർക്കല അയിരൂർ എം ജി എം മോഡൽ സ്കൂളിൽ നടക്കുന്ന പരിപാടി ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും. കേന്ദ്ര യുവജന കാര്യ - കായിക മന്ത്രാലയത്തിന് കീഴിലുള്ള മേര യുവ ഭാരത് കേരളമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## HEADLINE 5

## CRICKET-IND ENG

ബർമിങ്ങാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് മുന്നിൽ 608 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യമുയർത്തി ഇന്ത്യ. ഇന്ത്യ 6 വിക്കറ്റിനു 427 റൺസ് നേടി, രണ്ടാമിന്നിങ്സ് ഡിക്ലയർ ചെയ്തു. നാലാം ദിനമായ ഇന്നലെ, കളിയവസാനിക്കുമ്പോൾ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 72 റൺസെന്ന നിലയിലാണ് ഇംഗ്ലണ്ട്. രണ്ട് ഇന്നിംഗ്സുകളിലും സെഞ്ചുറി നേടിയ ശുഭ്മാൻ ഗില്ലാണ് ഇന്ത്യക്ക് മികച്ച സ്കോർ സമ്മാനിച്ചത്.

&&&&&&&&&&&&&&

## FOOTBALL-WOMEN'S ASIAN CUP

എ.എഫ്.സി വനിതാ ഏഷ്യൻ കപ്പ് 2026 ക്വാളിഫയേഴ്സ് ഗ്രൂപ്പ് ബി മത്സരത്തിൽ ഇന്ത്യൻ സംഘത്തിന് ജയം. ആതിഥേയരായ തായ്‌ലൻഡിനെ 2-1 നാണു ഇന്ത്യ പരാജയപ്പെടുത്തിയത്. ഇതോടെ, 2026 ൽ ഓസ്ട്രേലിയയിൽ നടക്കുന്ന വനിതാ എ.എഫ്.സി ഏഷ്യൻ കപ്പ് ഫുട്ബോളിന് ഇന്ത്യ യോഗ്യത നേടി.

&&&&&&&&&&&&&&

## WIMBLEDON

വിംബിൾഡൺ ടെന്നീസ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ യൂക്കി ഭാംബ്രി; അമേരിക്കയുടെ റോബർട്ട് ഗാലോവേ സഖ്യം മൂന്നാം റൗണ്ടിൽ. 16-ാം സീഡായ യൂക്കി ഭാംബ്രി ഇന്ന് മിക്സഡ് ഡബിൾസ് ഇനത്തിലും മത്സരിക്കുന്നുണ്ട്. അതേസമയം, പുരുഷ ഡബിൾസിൽ ഇന്ത്യൻ താരം റിത്വിക് ബൊള്ളിപള്ളിയും കൊളംബിയയുടെ നിക്കോളാസ് ബാരിയന്റസും രണ്ടാം റൗണ്ടിൽ പുറത്തായി.

&&&&&&&&&&&&&&

## NEERAJ CHOPRA

ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിൽ ഇന്നലെ വൈകുന്നേരം നടന്ന പ്രഥമ നീരജ് ചോപ്ര ക്ലാസിക്ക് ജാവലിൻ ത്രോയിൽ കിരീടം നേടി നീരജ് ചോപ്ര. 86. 18 മീറ്റർ ദൂരം എറിഞ്ഞാണ് നീരജ് ഒന്നാം സ്ഥാനത്തെത്തിയത്. കെനിയയുടെ ജൂലിയസ് യെഗോ രണ്ടാമതും ലങ്കൻ താരം രുമേഷ് പതിരഗെ മൂന്നാം സ്ഥാനവും നേടി.

&&&&&&&&&&&&&&

## HEADLINE 4

## PM-TEXAS FLOODS

അമേരിക്കയിലെ ടെക്സസിൽ കനത്ത മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 43 പേരോളം മരിച്ചു. 27 കുട്ടികളെ കാണാതായി. ഇതുവരെ 850 പേരെ രക്ഷപ്പെടുത്തി. വെള്ളപ്പൊക്കത്തിൽ നിരവധി വീടുകളും വാഹനങ്ങളും ഒഴുകിപ്പോയി.ഗ്വാഡൽപെ നദിയിൽ പെട്ടെന്ന് വെള്ളം ക്രമാതീതമായി ഉയർന്നതാണ് വലിയ ദുരന്തത്തിന് ഇടയാക്കിയത്.അതേസമയം എത്ര പേരെയാണ് പ്രളയത്തിൽ കാണാതായിരിക്കുന്നതെന്നത് ഇനിയും വ്യക്തമല്ല. ടെക്സാസിലുണ്ടായ പ്രളയ ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. സാമൂഹിക മാധ്യമ കുറിപ്പിലൂടെയാണ്, അമേരിക്കൻ സർക്കാരിനെയും ദുഃഖിതരായ കുടുംബങ്ങളെയും ശ്രി മോദി അനുശോചനം അറിയിച്ചത്.

&&&&&&&&&&&&&

## US - TARIFF

12 രാജ്യങ്ങളിൽ നിന്നുള്ള കയറ്റുമതിക്കുള്ള താരിഫ് കത്തുകളിൽ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചു. അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് നൽകേണ്ടി വരുന്ന വിവിധ നിരക്കുകളിലുള്ളനികുതി വിശദീകരിക്കുന്നവയാണിത്. പരസ്പര താരിഫ് കൂടുതൽ ഉയർന്നേക്കാമെന്നും ചില രാജ്യങ്ങൾക്ക് 70 ശതമാനത്തിലെത്താമെന്നും ഇത് അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരുമെന്നും ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&

## DALAI LAMA

ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയ്ക്ക് ഇന്ന് 90 ആം പിറന്നാൾ. ഇന്ന് ധരം ശാലയിൽ നടക്കുന്ന ജന്മദിനാഘോഷ ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, രാജീവ് രഞ്ജൻ സിംഗ് തുടങ്ങിയവർ പങ്കെടുക്കും. അതേസമയം ദലൈലാമയുടെ പിൻഗാമിയെ പ്രഖ്യാപിക്കുമെന്ന വാർത്തകൾ സെൻട്രൽ ടിബറ്റൻ അഡ്മിനിസ്ട്രേഷൻ തള്ളി. എന്നാൽ ദലൈലാമയുടെ പിൻഗാമിയെ നിശ്ചയിക്കാൻ അവകാശം തങ്ങൾക്കെന്നാണ് ചൈനയുടെ നിലപാട്.

&&&&&&&&&&&&&&

## WORLD BANK - INDIA

ലോകത്തിൽ വരുമാന സമത്വത്തിൽ മുൻനിരയിലെത്തി ഇന്ത്യ. ഏറ്റവും പുതിയ ലോക ബാങ്ക് റാങ്കിങ്ങിൽ 25.5 ജിനി സൂചികയോടെ ഇന്ത്യ നാലാം സ്ഥാനം നേടി. സ്ലോവാക് റിപ്പബ്ലിക്, സ്ലോവേനിയ, ബെലാറസ് എന്നിവയാണ് മുൻ നിരയിലുള്ള മറ്റു രാജ്യങ്ങൾ.

&&&&&&&&&&&&&&

&&&&&&&&&&

&&&S